തൊഴിലില്ലായ്മ വേതന കുടിശ്ശിക വിതരണം

18 [501] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 31 വരെ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) തൊഴിലില്ലായ്മ വേതനകുടിശ്ശികയിനത്തിൽ എത്ര രൂപ കൊടുക്കാനുണ്ടെന്ന് വിശദമാക്കുമോ;

(സി) കുടിശ്ശികയിനത്തിലുള്ള തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 38,00,224 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) 10/2002 മുതൽ 12/2004 വരെയുള്ള 27 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിന് 387370 ഗുണഭോക്താക്കൾക്ക് പ്രതിമാസം 120 രൂപ നിരക്കിൽ 125,50,78,800 രൂപ കുടിശ്ശികയായുണ്ട്. അതിൽ 12/2002 വരെയുള്ള തൊഴിൽരഹിത വേതനം നൽകുന്നതിനുള്ള തുക സർക്കാർ അനുവദിച്ചു നൽകിക്കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി കുടിശ്ശിക തുക വിതരണം നടത്തുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

19 [502] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ സർവ്വീസിലും, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, താല്ക്കാലികവും, ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നൽകിയ നിയമനങ്ങൾ എത്രയാണെന്നും, ഏതെല്ലാം തസ്തികകളിലാണെന്നും വെളിപ്പെടുത്താമോ;

(ബി) 2004 ഡിസംബർ 31-ലെ കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര;

(സി) ഇതിൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെത്രയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001 ഏപ്രിൽ മുതൽ നാളിതുവരെ (10/2004) ഓരോ വർഷവും സർക്കാർ സർവ്വീസിലും, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, താൽക്കാലികവും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകിയ നിയമനങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

വർഷം		തൊഴിൽ ലഭിച്ചവരുടെ എണ്ണം
05/01–12/01	..	9992
01/02–12/02	..	11538
01/03–12/03	..	10162
01/04–10/04	..	7396

തസ്തികകൾ-പാർട്ട്-ടൈം സ്വീപ്പർ, പ്യൂൺ, വാച്ച്മാൻ, വർക്കർ, വില്ലേജ്മാൻ, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, എച്ച്. എസ്. എ., എൽ.പി.എസ്.എ., ഡോക്ടർമാർ, എഞ്ചിനീയർമാർ, ലക്ചറർമാർ.

(ബി) 2004 ഡിസംബറിലെ കണക്കുകൾ മറ്റ് സബ്ബ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ചുവരുന്നതേയുള്ളൂ. 2004 ഒക്ടോബറിലെ കണക്കനുസരിച്ച് 3800224 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 57936 പേരാണ്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

20 [503] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് ലിമിറ്റഡ്, തിരുവേപ്പതി മിൽസ് ലിമിറ്റഡ്, പി. ജി. പ്ലൈവുഡ് (പുരുഷോത്തം ഗോകുൽദാസ് പ്ലൈവുഡ് കമ്പനി ലിമിറ്റഡ്) എന്നിവയാണ് കണ്ണൂർ ജില്ലയിൽ പൂട്ടിക്കിടക്കുന്ന പ്രധാന വ്യവസായ സ്ഥാപനങ്ങൾ. വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് ലിമിറ്റഡ് തുറന്നു പ്രവർത്തിക്കുന്നതു സംബന്ധിച്ച തൊഴിൽ വകുപ്പ് ഇടപെട്ട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും പിന്നീട് ലേബർ കമ്മീഷണർ തലത്തിലും പല തവണ ചർച്ചകൾ നടത്തിയിട്ടും ഒത്തുതീർപ്പിന് സാദ്ധ്യതയുണ്ടാകാതെ വന്നു. അതിനു ശേഷം 12-2-2004, 28-2-2004, 21-4-2004, 11-6-2004, 6-7-2004, 7-7-2004, 30-11-2004